**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4222 21/07/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

**കർഷകർക്കായി പ്രത്യേക ക്ഷേമബോർഡ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കർഷകർക്കായി കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | എ) | • കർഷക പെൻഷൻ 60 വയസ്സ് തികഞ്ഞ കർഷകർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ പെൻഷൻ നല്കി വരുന്നു.<br>• വിള ഇൻഷ്വറൻസ് പരിരക്ഷ.<br>• ആനുകൂല്യങ്ങൾ നേരിട്ട് ലഭ്യമാക്കുന്ന ഇ-പെയ്മെന്റ് സംവിധാനം.<br>• അഗ്രോ സർവ്വീസ് സെന്ററുകൾ കാർഷിക കർമ്മസേന എന്നിവയിലൂടെ സേവനംലഭ്യമാക്കൽ.<br>• വിവിധ വിള വികസന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യം.<br>• ആധുനിക കൃഷിരീതികളെക്കുറിച്ചുള്ള വിജ്ഞാനം നല്കൽ എന്നിവ. |
| ബി) കർഷകർക്കും അവരുടെ കുടുംബാംഗ-ങ്ങൾക്കും പ്രത്യേക ക്ഷേമ പെൻഷനുകളോ, വിദ്യാഭ്യാസ മേഖലയിൽ സംവരണമോ ആനുകൂല്യമോ, ആരോഗ്യ പരിരക്ഷാ പദ്ധതികളോ നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | സംസ്ഥാന സർക്കാർ അംഗീകാരം നല്കിയ കാർഷിക വികസന നയത്തിൽ കർഷകരുടെയും കർഷകത്തൊഴി-ലാളികളുടേയും ക്ഷേമവുമായി ബന്ധപ്പെട്ട ചുവടെപ്പറയുന്ന നയങ്ങൾ രൂപവൽക്കരിച്ചിട്ടുണ്ട്.<br>• കൂടുതൽ ആകർഷകമായി കർഷക പെൻഷൻ പദ്ധതി. |

- കർഷകക്ഷേമ ഫണ്ട് ബോർഡ് രൂപവല്ക്കരണം.
- കർഷകർക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രൂപവൽക്കരണം.
- കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ പഞ്ചായത്തുതലത്തിൽ തൊഴിൽ ബാങ്കുകളുടെ രൂപീകരണം - തൊഴിൽ ബാങ്കിലെ അംഗങ്ങൾക്ക് ഇ.എസ്.ഐ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾക്കുള്ള ശുപാർശ.
- കർഷകത്തൊഴിലാളികൾക്ക് പ്രോത്സാഹന ധനസഹായം.
- കർഷകരുടെ സാമൂഹ്യനില മെച്ചപ്പെടുത്തുവാൻ അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം - നയത്തിലെ ശുപാർകൾ കണക്കിലെടുത്ത് സർക്കാർ അംഗീകാരത്തോടെ ശുപാർശകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണം.

| | |
|---|---|
| സി) കർഷകർക്കായി പ്രത്യേക ക്ഷേമബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ഷേമബോർഡ് രൂപീകരിച്ച് വിവിധ ക്ഷേമപരിപാടികൾ ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ? | സി) കർഷക ക്ഷേമ ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് നിയമസഭയുടെയും ക്യാബിനറ്റിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ